നം.കെ.എസ്.എ.ഐ.ഡി.കെ.11/1567/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in

തീയതി : 09.01.2017.

# ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡി റ്റ് നിയമം വകുപ്പ് 13,
1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരംപുറപ്പെടുവിക്കുന്നത്)

******************************

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.02.2016 മുതൽ 14.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധ യിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പ് നൽകിയതിന് 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പേർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ് | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.11.2016 മുതൽ 21.11.2016 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. കെ. വിനോദ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. സജിമോൻ വി. ജി. | അസി. ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. ജി. വിജയാനന്ദ് | 01.4.2015 മുതൽ 31.10.15 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 11.11.15 വരെ |
| പ്രസിഡണ്ട് | ശ്രീമതി. ശാന്തി ഹരിദാസ് | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. പി. വിജയകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ. പി. സുനിൽ | 01.04.2015 മുതൽ 18.08.2015 നരെ |
| | ശ്രീ. എസ്. വർഗീസ് | 19.08.2015 മുതൽ 31.03.2016 വരെ |
| അസി. എഞ്ചിനിയർ | അഞ്ജു കെ. ഗോവിന്ദ് | 01.04.15 മുതൽ 09.05.15 വരെ |
| | എൽദോസ് പോൾ | 09.07.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജൊ. ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ഉഷാ രാജു | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. സെബാസ്റ്റ്യൻ കെ.ഇ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. വി. മുരുകേശൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. എം. വി. അനുപമ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീ. ലെനിൻ പീറ്റർ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ |

| | | |
|---|---|---|
| | | വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്ക് അപാകതകൾ |
| 13 | 1-13 | അസി. എഞ്ചിനീയർ രണ്ട് പ്ലാൻ അക്കൗണ്ടുകൾ സൂക്ഷിക്കുന്നു |
| ഭാഗം-2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) | | |
| 14 | 2-1 | കെട്ടിട നിർമ്മാണ പെർമ്മിറ്റുകൾ നൽകുന്നത് നിയമാനുസൃതമല്ല, നിയമാനുസൃതമല്ലാതെ നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരി ക്കുന്നില്ല |
| 15 | 2-2 | വാടക സംബന്ധിച്ച അപാകതകൾ |
| ഭാഗം – 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) | | |
| 16 | 3-1 | വാഹനം വാങ്ങിയതിന് പരിധികവിഞ്ഞ് തുക ചെലവഴിച്ചു – ₹1,49,785/-യുടെ ചെലവ് നിരാകരിക്കുന്നു |
| 17 | 3-2 | കരാർപ്രകാരമുള്ള അളവിൽ നിജപ്പെടുത്താതെ ബിൽത്തുക അനുവദിച്ചു |
| 18 | 3-3 | അളവു രേഖപ്പെടുത്തിയതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി |
| 19 | 3-4 | ആദായനികുതി ഈടാക്കാത്തതുമൂലം കേന്ദ്ര ഫണ്ടിന് നഷ്ടം സംഭവിച്ചു |
| 20 | 3-5 | കുടിവെള്ളപദ്ധതി – നാശോന്മുഖമായ അവസ്ഥയിൽ |
| 21 | 3-6 | വാങ്ങിയ ഫർണീച്ചർ സ്ഥാപനത്തിൽ ഇല്ല |

| | | |
|---|---|---|
| 22 | 3-7 | ഫയലുകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല |
| 23 | 3-8 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായി ലഭിച്ചില്ല |
| 24 | 3-9 | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം – ₹12,180/- |
| 25 | 3-10 | സെക്രട്ടറിയുടെ പേരിലുള്ള പ്ലാൻ അക്കൗണ്ടിൽ അനധികൃതമായി തുക നിലനിറുത്തിയിരിക്കുന്നു |
| ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) | | |
| 26 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 29 | 4-4 | വായ്പ /വായ്പാ തിരിച്ചടവ് |
| 30 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 33 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം | | |
| അനുബന്ധം -1 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

******************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 31.07.2016 | 16.07.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹8,87,23,035 |
| വരവ് | ₹11,09,02,568 |
| ആകെ | ₹19,96,25,603 |
| ചെലവ് | ₹16,70,72,952 |
| നീക്കിയിരിപ്പ് | ₹3,25,52,651 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിൽ 2015-16 ൽ ലഭ്യമായ ബജറ്റ് വിഹിതം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരമുള്ള ഫണ്ട് വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 22285266 | 65916844 | 88202110 | 80094858 | 90.8 |
| വികസന ഫണ്ട് - എസ്.സി.പി | 21790454 | 30790000 | 52580454 | 34664213 | 66 |
| വികസന ഫണ്ട് - ടി.എസ്.പി | 771353 | 878000 | 1649353 | 510809 | 31 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 695395 | 2150000 | 2845395 | 2238271 | 79 |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് | 5285791 | 3143000 | 8428791 | 3742915 | 44 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13797975 | 11448165 | 25246140 | 14603095 | 58 |
| പെർഫോമൻസ് ഗ്രാന്റ് | 8964000 | 0 | 8964000 | 4716822 | 53 |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 58331 | 36385540 | 36443871 | 36410170 | 99 |
| ബി-ഫണ്ട് | | 33734140 | 33734140 | 33734140 | |

## 1-6 പദ്ധതി അവലോകനം

തൻവർഷം പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരായിട്ടും കാർഷിക മേഖലയിൽ ഒരു പദ്ധതിപോലും ആവിഷ്കരിച്ചിരുന്നില്ല. മൃഗസംരക്ഷണം, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ മേഖലകളിൽ വൻ അടങ്കലുള്ള പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പാക്കിയില്ല.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 353 | 228944466 | 190 | 102929242 | 0 | 163 | 46 |

## 1-7 തനത് വരുമാനം

തനത് വരുമാനത്തിൽ മുൻ സാമ്പത്തിക വർഷത്തേക്കാൾ തൻവർഷം 4 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4129573 | 3674728 | (-)454845 | -11 |
| നികുതിയേതര വരവുകൾ | 1660800 | 2106589 | 445789 | 27 |
| മറ്റ് വരവുകൾ | 263570 | 45479 | (-)218091 | -82 |
| അകെ | 6053943 | 5826796 | (-)227147 | -4 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | ₹ | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2640 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 991530 | 112 |
| വിധവ പെൻഷൻ | 14105360 | 1536 |
| വാർദ്ധക്യകാല പെൻഷൻ | 15453300 | 2537 |
| വികലാംഗ പെൻഷൻ | 3100600 | 289 |
| അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 76240 | 9 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 15.11.2016-ൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9,771/-യുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നികുതി പിരിവ്, രജിസ്റ്ററുകളുടെ പരിപാലനം, പദ്ധതി നടത്തിപ്പ് എന്നിവയിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ **35** ലക്ഷത്തിലധികം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. ആസ്തി രജിസ്റ്റർ, വസ്തു നികുതി രജിസ്റ്റർ, കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണീച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9/2016 | 06.09.2016 മുതൽ 08.09.2016 വരെ | ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 27.05.2013-06.06.2013 | 2008-09 മുതൽ 2012-13 വരെ | 16.07.2013 |

## 1-12 വാർഷിക കണക്ക് അപാകത

സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു :

- വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി കുടിശികയുടെ കൃത്യത വ്യക്തമല്ല.
- നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 അസി. എഞ്ചിനിയറുടെ അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് - സഞ്ചിത നിധിയിലേക്ക് അടവാക്കിയിട്ടില്ല

നോൺ-ബാങ്കിംഗ് ട്രഷറി മുഖേന പദ്ധതി പണമിടപാടുകൾ നടത്തേണ്ടി വരുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് ആയിരം രൂപയ്ക്ക് മുകളിലുള്ള വിനിമയങ്ങൾ ഡി.ഡി. മുഖേനയാക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് തുറക്കുവാൻ സർക്കാർ അനുവാദം നൽകിയിരുന്നു (ധനകാര്യവകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി.) 177/2006 നമ്പർ ഉത്തരവ് കാണുക). സർക്കാർ ധനം പിൻവലിച്ച് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പരമാവധി 30 ദിവസം വരെ മാത്രമാണ് നിലനിർത്താവുന്നത്. ഒരു മാസത്തിന് ശേഷം വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പ്രസ്തുത സാമ്പത്തിക വർഷം തന്നെ തിരിച്ചടയ്ക്കുന്നപക്ഷം പിൻവലിച്ച അതേ അക്കൗണ്ടിലേക്കും സാമ്പത്തിക വർഷത്തിന് ശേഷമാണെങ്കിൽ സർക്കാരിന്റെ സഞ്ചിതനിധിയിലേക്കും തിരിച്ചടയ്ക്കണമെന്നായിരുന്നു 2015 മാർച്ച് 31 വരെ നിലനിന്ന വ്യവസ്ഥ. ഈ നിബന്ധനയനുസരിച്ച് പ്രസ്തുത അക്കൗണ്ടിൽ ശേഷിക്കാവുന്ന പരമാവധി തുക അക്കൗണ്ട് തുറക്കാൻ ചെലവഴിച്ച ₹500/- മാത്രമാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർ മേൽ പ്രസ്താവിച്ച ആവശ്യത്തിന് രണ്ട് ബാങ്കുകളിലെ അക്കൗണ്ടുകളിലായി ഭീമമായ തുക നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 2011-12 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പിൻവലിച്ചതും വിനിയോഗിക്കാനാകാതെ പോയതുമായ 9.5 ലക്ഷം രൂപയും ഉൾപ്പെടുന്നു. ഇക്കാര്യം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടും അവശേഷിച്ച തുക തിരികെ അടയ്ക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

നിലവിൽ പ്രസ്തുത അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര്/ശാഖ | അക്കൗണ്ട് നം. | അവശേഷിക്കുന്ന തുക ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | എസ്.ബി.റ്റി. വണ്ടിപ്പെരിയാർ ശാഖ | 67056216123 | 1508111 | 18.05.2013 വരെയുള്ള രേഖപ്പെടുത്തലുകളാണ് |

| | | | | |
|---|---|---|---|---|
| | | | | പാസ്സ്ബുക്കിലുള്ളത് |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ വണ്ടിപ്പെരിയാർ ശാഖ | 362802010026182 | 116222 | 21.10.2016 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |
| | ആകെ | | 1624333/- | |

ക്രമ നമ്പർ 1 പ്രകാരമുള്ള അക്കൗണ്ടിൽ ₹15,08,111/- നിലനിൽക്കേ പുതുതായി ചാർജ്ജെടുത്ത അസി. എഞ്ചിനീയർ തുകയുടെ ഘടകങ്ങൾ നിർണയിക്കാനാവാതെ വന്ന സാഹചര്യത്തിൽ 2-മത്തെ അക്കൗണ്ട് ആരംഭിക്കുകയായിരുന്നു എന്നാണ് വിശദീകരിക്കപ്പെട്ടത്. ഒന്നാമത്തെ അക്കൗണ്ടിലൂടെ നിലവിൽ വിനിമയങ്ങളൊന്നും നടക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. സ്വകാര്യ അക്കൗണ്ടിൽ ദീർഘകാലം സർക്കാർ ധനം സൂക്ഷിക്കാതിരിക്കുന്നതിന് മുൻകരുതൽ എന്ന നിലയിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നഗ്നമായ ലംഘനമാണ് ഇക്കാലയളവത്രയും നടന്നിട്ടുള്ളത്. നിർജീവമായ അക്കൗണ്ടിലൂടെ ഏറെ ക്രമക്കേടുകൾക്ക് വഴിവെയ്ക്കുന്ന സാഹചര്യവും നിലനിൽക്കുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ നിർദ്ദേശങ്ങൾ നൽകിയിട്ടും തുക തിരിച്ചടയ്ക്കാത്ത നടപടി ഏറെ ഗൗരവമുള്ള വീഴ്ചയാണ്. സർക്കാർ അനുമതിയോടെ തുക അടിയന്തിരമായി തിരികെയടച്ച് ഒരു അക്കൗണ്ട് മാത്രം (മിനിമം ബാലൻസോടുകൂടി) നിലനിർത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**************************

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നത് നിയമാനുസൃതമല്ല - നിയമാനുസൃതമല്ലാതെ നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിന്റെയും കെട്ടിട നിർമ്മാണങ്ങൾ നേരിൽ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റുകൾ അനുവദിച്ചതിൽ താഴെ പറയുന്ന ഗുരുതരമായ അപാകതൾ സംഭവിച്ചിട്ടുണ്ട്.

1. ശ്രീ. ജോയി തോമസ്, പടിഞ്ഞാറ്റുമുറി എന്നയാളുടെ ഉടമസ്ഥതയിൽ പഞ്ചായത്ത് ഓഫീസിന് എതിർവശത്തായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് 06.12.2001ൽ കെട്ടിടം നിർമ്മിക്കുന്നതിനായി എൻ.ഒ.സി. നൽകിയിരുന്നു. എന്നാൽ നേരിൽ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. പെർമിറ്റ് അനുവദിച്ച് മൂന്ന് വർഷത്തിനുള്ളിൽ ആയത് അസാധുവാകുമെന്നിരിക്കെ, ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല.

2. എ2-2419/2014/തീയതി. 08.06.2015 പെർമിറ്റ് നമ്പരായി ശ്രീ. പി. കെ. ഷാജി & ശ്രീമതി. ഷഫീന ഷാജി പതാലിൽ, വണ്ടിപ്പെരിയാർ എന്നിവർക്കായി പഞ്ചായത്ത് സ്റ്റേഡിയത്തിന് എതിർവശത്തായി 2013-14ലെ

അപേക്ഷ പ്രകാരം ബഹുനില കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പെർമിറ്റ് ഫയലിൽ പെർമിറ്റ് പരിശോധിച്ച് ആയത് നിയമം അനുശാസിക്കുന്ന വിധത്തിലാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ട അസിസ്റ്റന്റ് എഞ്ചിനിയർ താഴെ പറയുന്ന അപാകതകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

- കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) ചട്ടം 27(4), 27(5), 38, 58(16), 104, 58(12) എന്നിവ അനുശാസിക്കുന്ന വിധത്തിലുള്ള നിർമ്മാണത്തിന് മാത്രമേ അനുമതി നൽകാവൂ.

- പെർമിറ്റ് നൽകേണ്ടാത്ത എൻ.എച്ച്.[183(220)] സമീപത്തായതിനാൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ എൻ.ഒ.സി. ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ അനുമതി നൽകാവൂ.

- ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കണം.

എന്നാൽ ഫയർ & റെസ്ക്യൂ വകുപ്പിന്റെ എൻ.ഒ.സി. മാത്രം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ ചൂണ്ടിക്കാണിച്ച അസ്സിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശ കൂടാതെ സെക്രട്ടറി സ്വമേധയാ നിർമ്മാണ അനുമതി നൽകി. ഇത് ചട്ടവിരുദ്ധമാണ്. അസിസ്റ്റന്റ് എഞ്ചിനിയർ സൂചിപ്പിച്ചിട്ടുള്ള എല്ലാ അപാകതകളും പരിഗണിക്കാതെ നൽകിയ പെർമിറ്റ് അടിയന്തിരമായി റദ്ദാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സെക്രട്ടറി വിശദീകരണം നൽകേണ്ടതാണ്.

3. 18-ാം വാർഡിൽ, എസ്.ബി.ഐ. എ.റ്റി.എം, യമഹാ മോട്ടേഴ്സ് എന്നിവ ഗ്രൗണ്ട് ഫ്ലോറിൽ പ്രവർത്തിക്കുന്നതും നിലവിൽ നിർമ്മാണത്തിലിരിക്കുന്നതുമായ കെട്ടിടത്തിന്റെ പെർമിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നേരിട്ട് നടത്തിയ പരിശോധനയിൽ അനുമതി ഇല്ലാതെയാണ് കെട്ടിടം നിർമ്മിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ കെട്ടിട നിർമ്മാണം തടയുന്നതിനുള്ള അടിയന്തിര നടപടി സെക്രട്ടറിയുടെയും ഭരണ സമിതിയുടെയും ഭാഗത്ത് നിന്നും സ്വീകരിക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് ഭരണസമിതിയുടെ ഭാഗത്ത് നിന്നും അടിയന്തിര ശ്രദ്ധയുണ്ടാവേണ്ടതാണ്.

## 2-2 വാടക സംബന്ധിച്ച അപാകതകൾ

| | |
|---|---|
| • | ഓഡിറ്റ് വർഷത്തിൽ 36 മുറികൾ വാടകയ്ക്കായി നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല. |
| • | ഏതാനും വാടകക്കാരുമായി കരാർ ഉടമ്പടി തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാടകക്കാർ കരാറിൽ ഒപ്പിട്ടിട്ടില്ല. ഒപ്പ് രേഖപ്പെടുത്താത്ത കരാർ അസാധുവാണ്. ആയതിനാൽ കുടിശ്ശിക ഉണ്ടാകുന്നപക്ഷം നിയമ നടപടികളിലൂടെ വാടക ഈടാക്കുവാൻ സാധിക്കുകയില്ല. എല്ലാ വാടകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതും വാടകക്കാർ കരാറിൽ ഒപ്പ് വെയ്ക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്. |

| | |
|---|---|
| . | വാർഷിക കണക്കുകൾ പ്രകാരം വാടകയിനത്തിൽ കുടിശ്ശികയുണ്ടെങ്കിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശികയുടെ വിശദാംശംങ്ങൾ ലഭ്യമല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |

*****************

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാഹനം വാങ്ങിയതിന് പരിധി കവിഞ്ഞ് തുക ചെലവഴിച്ചു - ₹1,49,785/-യുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതി നമ്പർ | 412 |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്) |
| ചെലവ് | ₹11,49,785/- |

ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് ചെലവഴിക്കാവുന്ന പരമാവധി തുക പത്ത് ലക്ഷം രൂപയായി സർക്കാർ ഉത്തരവ് നമ്പർ(സാധാ.)2528/2012/ത.സ്വ.ഭ.വ/തീയതി.06.09.2012 ആയി നിജപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങുന്നതിനായി 2015-16 വർഷം അംഗീകാരം ലഭിച്ച പദ്ധതിയുടെ അടങ്കൽ തുകയും പത്ത് ലക്ഷം രൂപ മാത്രമാണ്. എന്നാൽ മഹീന്ദ്ര കമ്പനിയുടെ SCORPIO S6 PLUS 2WD 7SEATER BS4 മോഡൽ വാഹനം വാങ്ങിയതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ₹11,49,785/-ചെലവഴിച്ചു. പരിധി ലംഘിച്ച് ₹1,49,785/-ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| വൗച്ചർ നം./തീയതി | ചെലവിനം | ചെലവ് തുക ₹ |
|---|---|---|
| 21501050/31.12.2015 | വാഹന വില | 10,05,386 |
| 21501309/23.02.2016 | നികുതി/രജിസ്ട്രേഷൻ ചെലവ് | 1,03,757 |
| 21501271/18.02.2016 | ഇൻഷുറൻസ് | 40,642 |
| | ആകെ | 11,49,785 |

പദ്ധതിയിൽ വകയിരുത്തിയതിലും അധികമുള്ള ചെലവ് തനത് ഫണ്ടിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്.

സർക്കാർ ഉത്തരവ്, പദ്ധതി അടങ്കൽ എന്നിവയിലെ പരിധി കവിഞ്ഞ് വാഹനം വാങ്ങലിൽ ചെലവ് വന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യതായി കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 17.02.2016-ലെ തീരുമാനം നമ്പർ vii(2) പ്രകാരം വാഹനത്തിന്റെ ഇൻഷ്വറൻസ് തുക, നികുതി എന്നിവ ഒടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പരിധി ലംഘിച്ചുള്ള ചെലവ് തുക ₹1,49,785/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കരാർ പ്രകാരമുള്ള അളവിൽ നിജപ്പടുത്താതെ ബിൽ തുക അനുവദിച്ചു

കരാർ പത്രിക പ്രകാരമുള്ള അളവുകളിൽ നിജപ്പെടുത്തിയാണ് കരാറുകാർക്ക് മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കേണ്ടത്. എന്നാൽ അപ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നതുമൂലം പഞ്ചായത്തു ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ | ശ്രീ. തങ്കദുരൈ. |
| അളവുപുസ്തകം | 482/15-16. |
| ഫൈനൽ ബിൽ തുക | ₹7,00,000/-. |
| ബിൽ നം. | 82/15-16/തീ.16.03.2016. |

| ഇനം/നിരക്ക് | കരാർ പ്രകാരമുള്ള അളവ് | അനുവദിച്ച അളവ് | അധികം അനുവദിച്ച അളവ് | അധികം അനുവദിച്ച അളവിന്റെ മൂല്യം(₹) |
|---|---|---|---|---|
| ഇനം 9 ചിപ്പിംഗ് കാർപ്പറ്റ് വിരിയ്ക്കൽ 2037/10 ച.മീ. | 843ച. മീ. | 864ച. മീ. | 21ച. മീ. | 4278 |

2) പ്രോജക്ട് നം. എസ്.83/16, 1-ാം വാർഡ് മൂങ്കലാർ 2-ാം ഡിവിഷൻ ഏഴുമുക്ക് കോളനി റോഡ് ടാറിംഗ്

| | |
|---|---|
| കരാറുകാരൻ | ശ്രീ. എസ്. ശിവൻ |
| അളവുപുസ്തകം | 475/15-16 |

| | |
|---|---|
| ഫൈനൽ ബിൽ തുക | ₹7,97,436/- |
| കരാറുകാരന് നൽകിയ തുക | ₹2,19,078/- ഡി.ഡി.നം.672104/10.04.2015 |
| ഡി.ഡി.നം. | 672379/30.07.2015, ₹5,30,511/- |

| ഇനം/നിരക്ക് | കരാർ പ്രകാരമുള്ള അളവ് | അനുവദിച്ച അളവ് | അധികം അനുവദിച്ച അളവ് | അധികം അനുവദിച്ച അളവിന്റെ മൂല്യം ₹ |
|---|---|---|---|---|
| ഇനം 7 ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള മെറ്റലിംഗ് 961/10ച.മീ. | 990.45ച.മീ. | 999.45 ച.മീ. | 9ച.മീ. | 865 |
| ഇനം 8 ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള മെറ്റലിംഗ് 961/10ച.മീ. | 990.45ച.മീ. | 999.45ച.മീ. | 9ച.മീ. | 865 |
| ഇനം 9 ചിപ്പിംഗ് കാർപ്പറ്റ് വിരിയ്ക്കൽ 2037/10ച.മീ. | 958 ച.മീ. | 968.99ച.മീ. | 10.49ച.മീ. | 2137 |
| ആകെ | | | | 3867 |

3) പ്രോജക്ട് നം.എസ്.101/16, പഞ്ചായത്ത് ഹൈസ്കൂളിന് കളിസ്ഥലം നിർമ്മാണം

| | |
|---|---|
| കരാറുകാരൻ | ശ്രീ. സന്തോഷ് കെ. |
| അളവുപുസ്തകം | 147/15-16 |
| അടങ്കൽ | ₹10,00,000/- (തനത് ഫണ്ട്) |
| | ₹10,00,000/- (പൈക്ക ഫണ്ട്) |
| ആകെ | ₹20,00,000/- |

| | |
|---|---|
| ഫൈനൽ ബിൽ തുക | ₹20,00,000/- |

| | |
|---|---|
| നികുതികൾ | ₹1,20,000/- |
| അറ്റ തുക | ₹18,80,000/- |
| കരാറുകാരന് നൽകിയ തുക | ₹16,30,000/- ഡി.ഡി. നം. 672608/17.11.2015 |

(പൈക്ക ഫണ്ടിൽ നിന്ന് ₹10,00,000/- വകയിരുത്തിയിരുന്നെങ്കിലും യഥാർത്ഥത്തിൽ ₹7,50,000/- മാത്രമാണ് ആദ്യഗഡുവായി ലഭിച്ചത്. തന്മൂലം അന്തിമബിൽ ₹17,50,000/-യിൽ നിജപ്പെടുത്തി നികുതി വിഹിതങ്ങൾ കുറവുചെയ്ത് ₹16,30,000/- കരാറുകാരന് നൽകുകയാണുണ്ടായത്).

| ഇനം/നിരക്ക് | കരാർ പ്രകാരമുള്ള അളവ് | അനുവദിച്ച അളവ് | അധികം അനുവദിച്ച അളവ് | അധികം അനുവദിച്ച അളവിന്റെ മൂല്യം (₹) |
|---|---|---|---|---|
| ഇനം. 4 ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിച്ചുള്ള DR മേസണറി 847/ക്യൂ.മീ. | 322.6 ക്യൂ.മീ. | 347.376 ക്യൂ.മീ. | 24.776 ക്യൂ.മീ. | 20985 |

| | |
|---|---|
| അധികം അനുവദിച്ച ആകെത്തുക 4268+3867+20985 | = ₹29,130/- |
| നികുതികളുൾപ്പടെ (വാറ്റ് 4%+ക്ഷേമനിധിവിഹിതം 1%) | = ₹30,587/- |

കരാറിൽ പരാമർശിച്ചിട്ടുള്ള അളവിൽ ബിൽ തുക നിജപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 അളവ് രേഖപ്പെടുത്തിയതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകി - നഷ്ടം ₹32,996/-

| | |
|---|---|
| പ്രോജക്ട് നം. | എസ്.101/2016. പഞ്ചായത്ത് ഹൈസ്കൂളിന് കളിസ്ഥലം നിർമാണം |
| കരാറുകാരൻ | ശ്രീ. സതീഷ് കെ. |
| അളവ് പുസ്തകം | 147/15-16 |
| അടങ്കൽ | ₹10,00,000/- (തനത് ഫണ്ട്) |
| | ₹10,00,000/- (പൈക്ക ഫണ്ട്) |
| ആകെ | ₹20,00,000/- |

| | |
|---|---|
| ഫൈനൽ ബിൽ തുക | ₹20,00,000/- |

| | |
|---|---|
| നികുതികൾ | ₹1,20,000/- |
| അറ്റ തുക | ₹18,80,000/- |
| കരാറുകാരന് നൽകിയ തുക | ₹16,30,000/-, ഡി.ഡി.നം.672608/17.11.2015 |

(പൈക്ക ഫണ്ടിൽ നിന്ന് ₹10,00,000/- വകയിരുത്തിയിരുന്നെങ്കിലും യഥാർത്ഥത്തിൽ ₹7,50,000/- മാത്രമാണ് ആദ്യഗഡുവായി ലഭിച്ചത്. തൻമൂലം അന്തിമബിൽ ₹1,750,000/-യിൽ നിജപ്പെടുത്തി നികുതി വിഹിതങ്ങൾ കുറവ് ചെയ്ത് ₹16,30,000/- കരാറുകാരന് നൽകുകയാണുണ്ടായത്).

| | |
|---|---|
| അളവ് പുസ്തകം | 147/15-16 |
| കരാർ നം. | 59/AE/LSGD/VPR/14-15, തീ.26.02.2015 |

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളിൽ "പൈക്ക" ഫണ്ട് വിനിയോഗിച്ച് മൈതാനം നിർമിക്കുവാൻ ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. ഇത് പ്രകാരം സ്കൂളിന് പിറകുവശത്തുള്ള കുന്ന് ഇടിച്ചുനിരത്തി സംരക്ഷണഭിത്തി നിർമിച്ച് ഹാന്റ് റെയിലും സ്ഥാപിച്ചു. പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയപ്പോൾ സംഭവിച്ച പിഴവുകൾ മൂലം കരാറുകാരന് അധികതുക അനുവദിച്ചതായി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനാവേളയിൽ ബോധ്യമായി. ഓഡിറ്റ് വിഭാഗം പരിശോധനാവേളയിൽ എടുത്തതും സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർ അംഗീകരിച്ചതുമായ അളവുകളുടെയും തദ്വാരാ സംഭവിച്ച അധിക ചെലവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംരക്ഷണഭിത്തിയുടെ ആകെ നീളം 31.1 മീറ്ററും ഇരുവശങ്ങളിലെ വീതി യഥാക്രമം 9.6 മീറ്ററും 8.4 മീറ്ററും എന്നാണ് അളവ്പുസ്തകത്തിൽ രേഖപ്പെടുത്തിയത്. ഭിത്തിയുടെ നീളത്തിലുള്ള ഭാഗം ഒന്നായി അളവുകൾ രേഖപ്പെടുത്തുകയും ഇരുവശങ്ങളുടെ മുമ്പ് പരാമർശിച്ച നീളത്തിൽ (31.1മീറ്റർ) ഉൾപ്പെട്ടുവരുന്ന ഭാഗം (31.1മീറ്റർ നീളമുള്ള ഭിത്തിയുടെ വീതിയായ 1.4 മീറ്റർ ഉൾപ്പെട്ട ഭാഗം) കുറവ് വരുത്താതെ നീളം തിട്ടപ്പെടുത്തിയത് മൂലമാണ് അധിക തുക നൽകേണ്ടി വന്നത്.

യഥാർത്ഥത്തിൽ ഇരുവശങ്ങളിൽ കണക്കാക്കേണ്ട വീതി യഥാക്രമം 8.2 മീറ്ററും(9.6-1.4) 7മീറ്ററും (8.4-1.4) മാത്രമാണ്. ഇത് പ്രകാരം സംഭവിച്ച അധിക ചെലവ് താഴെ പട്ടികയിൽ നിർണ്ണയിച്ചിട്ടുള്ളത് കാണുക.

| ഇന നം. | ഇനം | അനുവദിച്ച അളവ് | അനുവദിക്കാവുന്ന അളവ് | അധികം അനുവദിച്ച അളവ് | അധികം അനുവദിച്ച അളവിന്റെമൂല്യം (₹) |
|---|---|---|---|---|---|
| 4 | ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിച്ചുള്ള DR | 347.376 ച.മീ. | 322.6 ച.മീ. | 24.776 ച.മീ. | 20985 |

| | | | | | |
|---|---|---|---|---|---|
| | മേസണറി | | | | |
| 5 | 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് | 11.722 ക്യു.മീ. | 10.5 ക്യു.മീ. | 1.2 ക്യു.മീ. | 10440 |
| | | | | ആകെ | 31425 |

വാറ്റ് 4% + ക്ഷേമനിധി വിഹിതം 1% (31425+1257+314.25) = ₹32,996.25

രേഖപ്പെടുത്തപ്പെട്ട അളവുകൾ പൂർണ്ണമായി ബോധ്യപ്പെടുത്താൻ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല. കുന്ന് മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് നിരത്തിയ വേളയിൽ സംരക്ഷണഭിത്തി കവിഞ്ഞ് മണ്ണ് വീണതിനാലാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ അതേ അളവിൽ നിലവിൽ കാണാൻ കഴിയാത്തതെന്നാണ് പ്രസ്തുത ഉദ്യോഗസ്ഥർ വിശദീകരിച്ചത്. എന്നാൽ പ്രസ്തുത വിശദീകരണം തൃപ്തികരമല്ല. ആകയാൽ ഇതു സംബന്ധിച്ച വസ്തുതകൾ വെളിച്ചത്ത് കൊണ്ടുവരുന്നതിന് വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

അധികമായി അനുവദിച്ച തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, അല്ലാത്തപക്ഷം അളവുകൾ രേഖപ്പെടുത്തിയ അസി. എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നോ തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്ന് ആദായനികുതി ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രോജക്ടുകളുടെ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം എന്നിവയാണ് സ്ഥാപനങ്ങളുടെ ഫണ്ട് വകയിരുത്തി അടവാക്കാവുന്നത്. അതോടൊപ്പം പാൻകാർഡ് ഹാജരാക്കുന്ന ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും രണ്ട് ശതമാനം നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്. സാമൂഹ്യനന്മ മുൻനിർത്തി ലാഭേച്ഛയില്ലാതെ ചെയ്യുന്ന പ്രവൃത്തി എന്ന പരിഗണനയിൽ പിന്നീട് റിട്ടേൺ ഫയൽ ചെയ്ത് 1961-ലെ ആദായനികുതി നിയമം സെക്ഷൻ 197 പ്രകാരം ടി തുക റീഫണ്ട് വാങ്ങാവുന്നതുമാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ ചില പ്രോജക്ടുകളുടെ ബില്ലിൽ നിന്ന് ആദായനികുതി ഈടാക്കാതെയാണ് തുക പാസ്സാക്കിയത്. തൻമൂലം കേന്ദ്ര സർക്കാരിന് സംഭവിച്ച നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1) പ്രോജക്ട് നം.എസ്.95/16 19-ാംവാർഡ് കുടിവെള്ളപദ്ധതി പൂർത്തീകരണം

| | |
|---|---|
| അടങ്കൽ | ₹3,00,000/- (പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ആകെ വേലമൂല്യം | ₹2,82,707/- |

| | |
|---|---|
| ആകെ തുക | ₹2,99,669/- (കൺവീനർക്ക് നൽകിയത് : ₹2,82,707/-) |
| നികുതികൾ | ₹16,962/- |
| ഡി.ഡി. നം. | 672290/04.07.2015 |
| ഈടാക്കേണ്ട ആദായനികുതി (2%) | 282707x2% = ₹5,654/- |

**2)** <u>പ്രോജക്ട് നം. എസ്.**104/16** ധർമാവലി കുടിവെള്ളപദ്ധതി</u>

| | |
|---|---|
| അടങ്കൽ | ₹5,75,882/- (തനത് ഫണ്ട്) |
| ആകെ വേലമൂല്യം | ₹4,64,237/- |
| ആകെ തുക | ₹4,92,091/-[കൺവീനർക്ക് നൽകിയത് : ₹4,64,237/-) |
| നികുതികൾ | ₹27,854/- |
| ഡി.ഡി. നം. | 672828/29.03.2016 |

| | |
|---|---|
| ഈടാക്കേണ്ട ആദായനികുതി (2%) 464237x2% | ₹9,285/- |
| ഒട്ടാകെ = 5654 + 9285 | ₹14,939/- |

ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 <u>കുടിവെള്ളപദ്ധതി - നാശോന്മുഖമായ അവസ്ഥയിൽ</u>

ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം കമ്മീഷൻ ചെയ്തതാണ് 19-ാം വാർഡ് കുടിവെള്ളപദ്ധതി. അഴുത ബ്ലോക്ക്പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ കുളം, പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നീ ഇനങ്ങൾ പൂർത്തീകരിച്ച ശേഷം മോട്ടോർ, പാനൽ ബോർഡ്, അനുബന്ധ സാധനങ്ങൾ, വൈദ്യുതി കണക്ഷൻ എന്നിവ ഗ്രാമപഞ്ചായത്ത് തൻവർഷ പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം.എസ്.095/16, ചെലവ് തുക ₹2,99,669/-) നടപ്പാക്കിയാണ് പ്രോജക്ട് കമ്മീഷൻ ചെയ്തത്. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായെങ്കിലും അത് സർക്കാർ നിർദ്ദേശാനുസരണം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.05.2009-ലെ ജി.ഒ.(ആർ.ടി)1275/2009 നമ്പർ ഉത്തരവിൽ

നിർദ്ദേശിക്കുംപ്രകാരം) ഗുണഭോക്തൃ സംഘം രൂപീകരിച്ച് തുടർന്നടത്തിപ്പ് ചുമതല വിട്ടുകൊടുത്തിരുന്നില്ല. പ്രസ്തുത പ്രോജക്ടിന്റെ സൈറ്റ് ഓഡിറ്റ് വേളയിൽ സാങ്കേതികവിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയുണ്ടായി. ഏതാനും മാസങ്ങൾക്ക് മുമ്പുവരെ പദ്ധതി പ്രവർത്തിച്ചിരുന്നതായും ബിൽ കുടിശ്ശിക അടയ്ക്കാതെ വന്നതിനെത്തുടർന്ന് കെ.എസ്.ഇ.ബി. അധികൃതർ വൈദ്യുതിബന്ധം വിച്ഛേദിച്ചതായും സ്ഥലവാസികൾ അറിയിച്ചു. കുളത്തിന്റെ വശങ്ങളിലെ കരിങ്കൽകെട്ട് പൊളിഞ്ഞുവീഴാറായ അവസ്ഥയിലാണ്. പമ്പ് ഹൗസിന്റെ വാതിലുകൾ നഷ്ടപ്പെട്ടും ഭിത്തികൾ തകർന്നും ഏത് നിമിഷവും നിലംപൊത്താവുന്ന നിലയിലും ശേഷിക്കുന്നു. അതിനുള്ളിലെ പാനൽബോർഡ് അടക്കമുള്ള ഉപകരണങ്ങൾ യാതൊരു സുരക്ഷയുമില്ലാതെ സ്ഥാപിച്ചിരിക്കുന്നതായും കണ്ടു. 25 എച്ച്. പി. സബ്മേഴ്സിബിൾ പമ്പ് വാങ്ങി സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് പൂർണമായി ആഴ്ന്ന് നിൽക്കാനാവശ്യമായ വെള്ളം കുളത്തിൽ ഇല്ല. ചെളിയടിഞ്ഞ് ഉപയോഗശൂന്യമായ ജലമാണ് കുളത്തിലുള്ളത്. തൊട്ടടുത്തുകൂടി ഒഴുകുന്ന പെരിയാർ നദിയിൽ നിന്ന് മലിനജലം പൈപ്പിലൂടെ കുളത്തിൽ പ്രവേശിക്കുന്നതിനാൽ കുളത്തിലെ വെള്ളം പാചകാവശ്യങ്ങൾക്ക് ഉപയോഗിക്കാനാകില്ല. കേവലം ഒരു വർഷം മുമ്പ് മാത്രം നിർമാണം പൂർത്തീകരിച്ച പദ്ധതിയുടെ ഗുണനിലവാരക്കുറവ് മൂലമാണ് കുറഞ്ഞ നാളുകൾക്കിടയിൽ തന്നെ പദ്ധതി ഇത്തരത്തിൽ നാശോന്മുഖമായത് കുടിവെള്ളപദ്ധതി നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് വിജിലൻസ് വകുപ്പിന് ശുപാർശ ചെയ്യുന്നു.

## 3-6 വനിതാ തൊഴിൽ പരിശീലന കേന്ദ്രം - വാങ്ങിയ ഫർണീച്ചർ സ്ഥാപനത്തിൽ ഇല്ല

| | | |
|---|---|---|
| പദ്ധതി | : | ഫർണീച്ചർ വാങ്ങൽ (48/16) |
| അടങ്കൽ | : | രണ്ട് ലക്ഷം |
| തുക/ചെക്ക് നമ്പർ | : | 199912, 845512/01-07-2015<br>₹1,99,912/- |

ടെണ്ടർ നടപടികളിലൂടെ സെക്രട്ടറി നടപ്പാക്കിയ പദ്ധതി പ്രകാരം വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലേയ്ക്ക് ചുവടെ ചേർക്കുന്ന ഫർണീച്ചർ വാങ്ങിയിട്ടുണ്ട്.

| ഫർണീച്ചർ ഇനം | യൂണിറ്റ് വില | എണ്ണം | ആകെ തുക |
|---|---|---|---|
| അലമാര | 7152.83 | 8 | 65520 |
| മേശ | 2052.4 | 8 | 18792 |
| കസേര | 371.1 | 272 | 115600 |

| | |
|---|---|
| ആകെ | 199912 |

വനിതാ തൊഴിൽ പരിശീലന കേന്ദ്രം നേരിട്ട് പരിശോധിച്ചപ്പോൾ കസേര മാത്രമാണ് കാണാൻ കഴിഞ്ഞത്. എട്ട് വീതം അലമാരകളും മേശകളും വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലില്ലാത്തതിനാൽ ₹84,312/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും ലഭ്യമാക്കിയില്ല. അനന്തര റിപ്പോർട്ട്/പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിക്കുന്നതിന് മുമ്പ് കൃത്യമായ വിശദീകരണം/ വിശദാംശങ്ങൾ ഉണ്ടെങ്കിൽ ലഭ്യമാക്കാത്തപക്ഷം മേൽ തുകയുടെ ചെലവിന്റെ ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 3-7 ഫയലുകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയലുകളിൽ തുകകൾ ട്രഷറിയിൽ നിന്ന് മാറിയതിന്റെ വിശദാംശങ്ങൾ മാത്രമാണുള്ളത്.

| പദ്ധതി | അടങ്കൽ | ബിൽ നമ്പർ | തുക ₹ | കുറിപ്പുകൾ |
|---|---|---|---|---|
| മഞ്ചുമല എൽ.ഡി. കുടിവെള്ള പദ്ധതി (49/16) | 300000 | 07/15-16/ 15-07-2015 | 300000 | |
| പഞ്ചായത്ത് ഹൈസ്കൂളിലേയ്ക്ക് ബഞ്ചും ഡസ്കും വാങ്ങൽ (57/16) | 300000 | 57/15-16/ 22-08-2016 | 300000 | |
| തെരുവ് വിളക്ക് സ്ഥാപിക്കൽ (240/16) | 3300000 | 32/15-16/ 18-03-2016 | 2899450 | പ്രസ്തുത തുകയുടെ ഡി.ഡി. 2016 മാർച്ചിൽ എടുത്തെങ്കിലും പണി പൂർത്തിയാക്കാത്തതിനാൽ കെൽട്രോണിന് കൈമാറാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു |
| 18-ാം വാർഡ് എൽ. ഇ. ഡി. ലൈറ്റ് സ്ഥാപിക്കൽ (414/16) | 1500000 | 47/15-16/ 31-03-2016 | 1499113 | പണി പൂർത്തിയാക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു |
| 9-ാം വാർഡ് ആറ്റോരം വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (47/16) | 50000 | 42/15-16/ 31-03-2016 | 22500 | |

| | | | | |
|---|---|---|---|---|
| 1-ാം വാർഡ് തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (385/16) | 200000 | 40/15-16/ 29-03-2016 | 197200 | |
| | | ആകെ | 5218263 | |

₹52,18,263/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിക്കൽ, അവയുടെ കൈപ്പറ്റ്, സാധന സാമഗ്രികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യൽ തുടങ്ങി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളും വിശദാംശങ്ങളും അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

| | |
|---|---|
| പദ്ധതി | (45/16) ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | നാല് ലക്ഷം |
| തുക | 05/15-16/15-07-2015 – ₹1,00,000/-<br>27/15-16/22-02-2016 – ₹2,00,000/-<br>ആകെ – ₹3,00,000/- |

സൂചിത തുക പൂർണ്ണമായി അടവാക്കിയിട്ടുണ്ടെങ്കിലും ഒരു ലക്ഷം രൂപയുടെ മരുന്ന് മാത്രമാണ് സ്ഥാപനത്തിൽ നാളിതുവരെ ലഭിച്ചത്. ബാക്കി തുകയുടെ മരുന്ന് ലഭിക്കാത്തതിനാൽ രണ്ട് ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം - ₹1,98,257/-

| ക്രമ നം. | വൗച്ചർ നം./തീയതി | ചെലവ് തുക ₹ | ചെലവിനം | തടസ്സ കാരണം |
|---|---|---|---|---|
| 1 | 21500589/21.08.2015 | 8000 | ഡെപ്പോസിറ്റ് തിരികെ നൽകൽ | അപേക്ഷയിൽ ഒപ്പില്ല, പണമടച്ച രസീതില്ല, തുക കൈപ്പറ്റ് രസീതില്ല |
| 2 | 21500554/22.08.2015 | 4180 | ആംബുലൻസ് റിപ്പയർ ചാർജ് | ഡ്രൈവർ സജി ജേക്കബിന് നൽകി, റിപ്പയർ ചെയ്തതിന്റെ രേഖകൾ ഇല്ല |

| | | | | |
|---|---|---|---|---|
| 3 | 21500626/25.08.2015 | 5345 | ഓക്സിജൻ കമ്മ്യൂണിക്കേഷന് നൽകിയ തുക | രേഖകൾ ഹാജരാക്കിയില്ല |
| 4 | 21500627/25.08.2015 | 33819 | ശിലാഫലകത്തിന്റെ വില രാജൻ എന്നയാൾക്ക് നൽകിയത് | രേഖകൾ ഹാജരാക്കിയില്ല |
| 5 | 21500628/25.08.2015 | 4050 | മസ്റ്ററോൾ പ്രകാരം വേതനം നൽകിയത് | രേഖകൾ ഹാജരാക്കിയില്ല |
| 6 | 21500629/25.08.2015 | 20000 | ഗ്രാമസഭ ചെലവ് | രേഖകൾ ഹാജരാക്കിയില്ല |
| 7 | 21500630//25.08.2015 | 5472 | ഭക്ഷണ ചെലവ് | രേഖകൾ ഹാജരാക്കിയില്ല |
| 8 | 21500631/26.08.2015 | 10000 | ഓണം അഡ്വാൻസ് | രേഖകൾ ഹാജരാക്കിയില്ല |
| 9 | 21500632/26.08.2015 | 10998 | ശ്മശാനം മെയിന്റനൻസ് | രേഖകൾ ഹാജരാക്കിയില്ല |
| 10 | 21500797/26.08.2015 | 92143 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക | രേഖകൾ ഹാജരാക്കിയില്ല |
| | | 4250 | സ്റ്റേഷനറി വാങ്ങിയത് | രേഖകൾ ഹാജരാക്കിയില്ല |
| | ആകെ | 198257 | | |

മേൽ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 സെക്രട്ടറിയുടെ പേരിലുള്ള പ്ലാൻ അക്കൗണ്ടിൽ അനധികൃതമായി തുക നിലനിറുത്തിയിരിക്കുന്നു

സെക്രട്ടറിയുടെ പേരിൽ നിലവിലുള്ള പ്ലാൻ ബാങ്ക് അക്കൗണ്ട് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | നോൺ ബാങ്കിംഗ് ട്രഷറിയുടെ സംഗതിയിൽ സെക്രട്ടറിയുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങി അതുവഴി മാത്രമായിരിക്കണം പദ്ധതികളുടെ തുകകൾ വിതരണം ചെയ്യേണ്ടത് എന്ന് 12-04-2016-ലെ 177/2006 നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പ്ലാൻ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നത് ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ വണ്ടിപ്പെരിയാർ ശാഖയിലാണ്. ഇത് ക്രമവിരുദ്ധമാണ്. സർക്കാർ |

| | |
|---|---|
| | ഉത്തരവിലെ നിർദ്ദേശപ്രകാരം, പ്രസ്തുത അക്കൗണ്ട് അടിയന്തിരമായി ഒരു ദേശസാൽകൃത ബാങ്കിലേയ്ക്ക് മാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 2. | ഒരു സാമ്പത്തിക വർഷം പൂർത്തിയായി തൊട്ടടുത്ത മാസാവസാനത്തോടെ ബാലൻസ് പൂജ്യമാകേണ്ട അക്കൗണ്ടിൽ എല്ലാക്കാലത്തും നീക്കിബാക്കിയുള്ളതായി കാണുന്നു. |
| 3. | 16-07-2015-ൽ 328305 ചെക്ക് വഴി ₹2,550/-യും 328304 ചെക്ക് വഴി ₹10,88,860/-യും 31-07-2015-ൽ 328307 ചെക്ക് വഴി ₹16,86,855/-യും പിൻവലിച്ചിട്ടുണ്ടെങ്കിലും വിതരണ വിശദാംശങ്ങളില്ല. |
| 4. | 22-08-2015-ൽ പിൻവലിച്ച പദ്ധതി തുക ₹5,99,152/-(ബിൽ നം.13/15-16, ₹2,99,152/-, ബിൽ നം.14/15-16, ₹3,00,000/-) 24-08-2015-ൽ തനത് ഫണ്ടിന്റെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. അതുപോലെ തന്നെ 10-09-2015-ലെ ഫ്രണ്ട് ഓഫീസിൽ പിരിച്ച തനത് ഫണ്ട് തുക ₹1,06,506/- 11-08-2015-ൽ പ്ലാൻ ഫണ്ടിലും ഒടുക്കിയിട്ടുണ്ട്. തനത് ഫണ്ട് അക്കൗണ്ടിൽ നിലവിൽ തുടരുന്ന പദ്ധതിയിനത്തിലുള്ള അധിക തുക ₹4,92,646/-(599152-106506) അടിയന്തിരമായി പ്ലാൻ ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. അപ്രകാരം തിരിച്ചടക്കുന്ന തുക ട്രഷറിയിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 5. | 18-ാം വാർഡ് എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ (414/16) പദ്ധതിയ്ക്കുവേണ്ടി 47/15-16/31-03-2016 നമ്പർ ബിൽ പ്രകാരം പിൻവലിച്ച തുക ₹14,99,113/- ചെലവഴിക്കാതെ ഇപ്പോഴും പ്ലാൻ ഫണ്ടിൽ തുടരുന്നു. ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ഡി.ഡി. തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കണമെന്ന് മേൽ സൂചിത സർക്കാർ ഉത്തരവിൽ കൃത്യമായ നിർദ്ദേശ(8.3)മുള്ളപ്പോൾ ഇപ്രകാരം അക്കൗണ്ടിൽ തുക നിലനിർത്തുന്നത് ക്രമവിരുദ്ധമാണ്. തുക ട്രഷറിയിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 6. | അപാകത നാലിലും അഞ്ചിലും സൂചിപ്പിച്ചത് കൂടാതെ, പ്ലാൻ അക്കൗണ്ടിൽ നിലവിൽ (15-11-2016-ൽ) ₹2,48,123/- (1747236-1499113) നീക്കിബാക്കിയായി ഉണ്ട്. പ്രസ്തുത തുകയും ട്രഷറിയിലേയ്ക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

****************************

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

– ഇല്ല –

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

– ഇല്ല -

## 4-3 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല -

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല -

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-39 | 2000-01 | | ക്ലബുകൾക്ക് വർത്തമാന പത്രം | |
| | 3-42<br>പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു | 2000-01 | | പദ്ധതി നിർവ്വഹണത്തിൽ വ്യാപക അഴിമതി | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 3-42(1) | 2000-01 | | കുഴൽ കിണർ നിർമ്മാണം | |
| | 3-42(2) | 2000-01 | | സിനി സ്റ്റുഡിയോ പാറമട റോഡ് നിർമ്മാണം | |
| | 3-42(3) | 2000-01 | | ടെയ് ലറിംഗ് യൂണിറ്റ് | |
| | 3-42(4) | 2000-01 | | ടെലിവിഷൻ പ്രോജക്ട് | |
| | 3-42(5) | 2000-01 | | ഏഴാം വാർഡിലെ ജലസേചന പദ്ധതി | |
| | 3-42(6) | 2000-01 | | കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ് | |
| | 3-42(7) | 2000-01 | | ഓട നിർമ്മാണം | |
| | 3-42(8) | 2000-01 | | അർണ്ണക്കൽ ക്ഷേത്രം - ശബരിമല റോഡ് ടാറിംഗ് | |
| 2003-04 | 2-1 | 2006-07 | | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കാത്തത് | |
| 2006-07 | 3-7 | 2010-11 | 5.2.21(1) | ജലസേചന പദ്ധതിക്ക് പാഴ്ച്ചെലവ് | |
| 2006-07 | 3-8 | 2010-11 | 5.2.21(2) | ജലസേചന പദ്ധതി - പാഴ്ച്ചെലവ് | |
| | | 2014-15 | 4.1.14 | ഇ-ടോയ് ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുത്തുന്നില്ല | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,09,02,568 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹16,70,72,952 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് | ₹182781 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹57,00,832 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | നഷ്ടമായ തുക ₹ | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | - | 149785 | | പി. വിജയകുമാർ, സെക്രട്ടറി |
| 3-3 | | 32996 | 16498 | എൽദോസ് പോൾ, അസി.എഞ്ചിനീയർ |
| | | | 16498 | കെ.എം. ഉഷാനന്ദൻ, അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 1,82781 | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 84312 | പി. വിജയകുമാർ, സെക്രട്ടറി |
| 3-7 | 5218263 | പി. വിജയകുമാർ, സെക്രട്ടറി |
| 3-8 | 200000 | പി.വിജയകുമാർ, സെക്രട്ടറി |
| 3-9 | 198257 | പി.വിജയകുമാർ, സെക്രട്ടറി |
| ആകെ | ₹57,00,832 | |

(സി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖ. 3-3, ₹1,571/-

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. നം. 3-3

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി. വിജയകുമാർ<br>സെക്രട്ടറി | സെക്രട്ടറി<br>വണ്ടിപ്പെരിയാർ<br>ഗ്രാമപഞ്ചായത്ത് | എം.പി.എൻ. ഹൗസ്,<br>ഇടിച്ചക്കപ്ലാമൂട്, പാറശ്ശാല,<br>തിരുവനന്തപുരം, പിൻ-695502 |
| എൽദോസ് പോൾ,<br>അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>കുമളി ഗ്രാമപഞ്ചായത്ത് | നെല്ലിമറ്റത്തിൽ ഹൗസ്,<br>ചേലാട് പി.ഒ., കരിങ്ങഴ,<br>കോതമംഗലം -686681 |
| കെ.എം. ഉഷാനന്ദൻ,<br>അസി.എക്സി.എഞ്ചിനീയർ | എ.എക്സ്.ഇ., പീരുമേട്<br>ബ്ലോക്ക് പഞ്ചായത്ത് | കിഴക്കേൽ വീട്,<br>കെ.എസ്.ഇ.ബി സബ് സ്റ്റേഷന്<br>എതിർവശം, കട്ടപ്പന, ഇടുക്കി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1968-69 | എൽ.എഫ്.ഐ-5/964/80/20.02.1997 | | |
| 1996-97 | എൽ.എഫ്.ഐ-6/401/98/30.01.1999 | | |
| 1997-98 | എൽ.എഫ്.ഐ-6/25/2000/28.09.2000 | | |
| 1998-99 | എൽ.എഫ്.ഐ-6/131/01/13.09.2001 | | |
| 1999-00 | എൽ.എഫ്.ഐ-6/550/01/31.08.2002 | | |
| 2000-01 | എൽ.എഫ്.ഐ-6/737/02/27.06.2003 | | |
| 2001-02 | എൽ.എഫ്.ഐ-6/718/03/13.10.2004 | | |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.ഐ-6/456/05/07.02.2006 | | |
| 2003-04 | എൽ.എഫ്.ഐ-6/863/06/01.03.2007 | | |
| 2004-05 | എൽ.എഫ്.ഐ-6/933/07/05.04.2008 | | |
| 2005-06 | എൽ.എഫ്.ഐ-6/488/08/12.01.2008 | | |
| 2006-07 | എൽ.എഫ്.ഐ-6/100/10/03.09.2010 | | |
| 2007-08 | എൽ.എഫ്.ഐ-6/100/10/03.09.2010 | | |
| 2008-09 | എൽ.എഫ്.ഐ-8/1223/11/15.06.2012 | | |
| 2009-10 | എൽ.എഫ്.ഐ-8/875/12/01.02.2013 | | |
| 2010-11 | എൽ.എഫ്.ഐ-8/294/13/08.10.2013 | | |
| 2011-12 | എൽ.എഫ്.ഐ-8/75/14/12.08.2014 | | |
| 2012-13 | എൽ.എഫ്.ഐ-8/85/15/10.06.2015 | | |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ.8/1140 /15/തീ.29.10.2015 | | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-8/265/16 /തീ.18.04.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ.11/1567/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in

തീയതി : 09.01.2017.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-11/1567/2016

Kerala State Audit Department
District Audit Office
Idukki, Thodupuzha
Phone No : 04862 227332
E-mail: doidk.ksad@kerala.gov.in

Dated : 09.01.2017.

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vandipperiyar Gramapanchayath in Idukki district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts Panchayath Raj Instituitions.

In my opinion, the Financial Statements of Vandipperiyar Gamapanchayath for the 2015-16 except the observations in my audit report properly presents the picture of income and expenditure.

**DEPUTY DIRECTOR**
IDUKKI